ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) കെൽട്രോണിന് തന്നെയാണ് കമ്പ്യൂട്ടറുകൾ വാങ്ങാൻ ഓർഡർ നൽകിയത്.

(എഫ്) ബാധകമല്ല.

(ജി) ഉണ്ട്.

പി.ഡബ്ല്യു.ഡി. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന പദ്ധതികളുടെ ആകെ ചെലവ്

35 (1974) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന പദ്ധതികളുടെ ആകെ ചെലവിനത്തിൽ ബന്ധപ്പെട്ട സ്റ്റാഫിന്റെ ശംമ്പളവും അലവൻസിനുള്ള തുകയും ചേർക്കാറുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിചെലവിന്റെ എത്ര ശതമാനമാണ് ഈ ഇനത്തിൽ ചേർക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പു പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ഘട്ടത്തിൽ നിലവിലുള്ള ഷെഡ്യൂൾ റേറ്റ് അനുസരിച്ച് പ്രവൃത്തിയുടെ ചെലവും 10 ശതമാനം കോൺട്രാക്ടേഴ്സ് പ്രോഫിറ്റും മാത്രമേ ഉൾക്കൊള്ളിക്കാറുള്ളൂ. തുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് പരിഗണിച്ച് പ്രവർത്തിക്കുള്ള ഭരണാനുമതി കിട്ടിയശേഷം പ്രവൃത്തിയുടെ നടത്തിപ്പിലേയ്ക്ക് വേണ്ട ഫണ്ട്, പ്ലാൻ ബഡ്ജറ്റിൽ വകയിരുത്തുമ്പോൾ 20% എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റും 1.4% യന്ത്രോപകരണങ്ങൾക്കുള്ള വിഹിതവുംകൂടി വകകൊള്ളിക്കാറുണ്ട്.

(ബി) പ്രവൃത്തിക്കുവേണ്ട തുകയുടെ 21.4% എസ്റ്റാബ്ലിഷ്മെന്റ് യന്ത്രോപകരണ വിഹിതങ്ങളായി പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly